മിസ്റ്റർ ബി. വി. കെ. മേനോൻ: അല്ല. ശിപായിമാരുടെ നിയമനം നടത്തുന്നതു സ്റ്റാഫ് സെലക്ഷൻ ബോർഡല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: എറണാകുളം മജിസ്ട്രേട്ട കോട്ടിലെ ഒരുദ്യോഗസ്ഥനായ എം. സി. തേവൻ ഇതിനപേക്ഷ അയച്ചതായിട്ട് ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

Mr. P. A. Muhamed Ashroff *(Cranganur):* May I know the number of Muslim Field Officers?

Mr. B. V. K. Menon *(Secretary to Government):* I think there are none.

Mr. P. Kumaran Ezhuthassan *(Vadakkancheri):* What is the total number of Field Officers in this?

Mr. B. V. K. Menon *(Secretary to Government):* I have not the exact number with me, now.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know how many of these were taken from the department or departments and how many from outside?

Mr. B. V. K. Menon *(Secretary to Government):* All were aken from the different departments of the Government. some from the Industries Department and others from other departments. About the details of the hands taken from every department, I want notice.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Was there not a member of the community referred to here in service anywhere?

Mr. B. V. K. Menon *(Secretary to Government):* As far as Government are aware no member of the Depressed Class Community had applied for this particular job. No fresh appointment was made as Field Officer. All Field Officers were drafted from different departments of Government.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is there a Depressed Class man in the Office of the Department of Industries?

Mr. B. V. K. Menon *(Secretary to Government):* There might be.

Mr. P. Kumaran Ezhuthassan *(Vadakkancheri):* If there is one will he be given a place?

Mr. B. V. K. Menon *(Secretary to Government):* I am not prepared to hold out that assurance.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിനാവശ്യമായ മിനിമം ക്വാളിഫിക്കേഷൻ എന്താണ്?

മിസ്റ്റർ ബി വി. കെ. മേനോൻ: ഇതിനു പ്രത്യേകമായിട്ട് ഒരു മിനിമം ക്വാളിഫിക്കേഷനില്ല. സ്റ്റഡ്ഫൈനൽ പാസായാൽമതി.

മിസ്റ്റർ കെ. കെ. കണ്ണൻ: സ്റ്റഡ്ഫൈനൽമാത്രം മതിയോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മതി.

Mr. P. A. Muhamed Ashroff *(Cranganur)* : May I know, Sir, whether the Field Officers appointed have applied for those posts?

Mr. B. V. K. Menon *(Secretary to Government):* I do not think so.

NURSES AND MARRIAGE

71. Mr. K. S. Panicker *(Ezhuvas-Trichur):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) നെഴ്സുമാരിൽ ആവശ്യമുള്ളവർക്കു വിവാഹം കഴിപ്പാനനുവദിക്കണമെന്ന പ്രമേയം നിയമസഭയുടെ വലിയ ഭൂരിപക്ഷത്തോടുകൂടി പാസാവുകയും അതനുസരിച്ചു് വിവാഹം കഴിപ്പാനനുവദിച്ചു് ഗവൺമെണ്ടുത്തരവുണ്ടായിട്ടുള്ളതുമല്ലേ;

(ബി) ആ ഉത്തരവിനുശേഷം എത്ര നെഴ്സുമാരുടെ വിവാഹം കഴിഞ്ഞിട്ടുണ്ടു്;

(സി) ആ നിയമം നിയമസഭയുടെ അനുവാദമോ അറിവോ കൂടാതെ ദുർബ്ബലപ്പെടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽക്കാണു്?

മിസ്റ്റർ സി. ജെ. മാത്യു:

(എ) അതെ.

(ബി) ഒന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) [illegible]

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നിയമസഭയുടെ വലിയ ഭൂരിപക്ഷത്തോടുകൂടി പാസായ ഈ സംഗതി നിയമസഭയുടെ ആലോചനയൊ അറിവൊകൂടാതെ ഗവണ്മെണ്ട് മുഖ്യ മന്ത്രിയുടെ മാത്രമായാണൊ ?

മിസ്റ്റർ സി. ജെ. മാത്യു: മന്ത്രിമാരായാണെന്നാണ് തോന്നുന്നതു?. അതൊരു എക്സിക്യൂട്ടീവ് ഓർഡറാണ്. അതുകൊണ്ട് നിയമസഭയോട് ചോദിക്കേണ്ട ആവശ്യമില്ല. ലെജിസ്ലേച്ചറിന്റെ കാഴ്ചയിലാണെങ്കിലേ നിയമസഭയോട് ചോദിക്കേണ്ട ആവശ്യമുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഞാൻ അതല്ല പറഞ്ഞതു്. നിയമസഭ വലിയ ഭൂരിപക്ഷത്തോടുകൂടി പാസാക്കിയ ഒരു സംഗതി വേണ്ടെന്നുവെക്കണമെങ്കിൽ അതു് നിയമസഭയോട് ആലോചിച്ചിട്ടു വേണ്ടേ എന്നാണ് ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ സി. ജെ. മാത്യു: ഇതിനെക്കുറിച്ചു് ആലോചിക്കേണ്ട ആവശ്യമില്ല. നിയമസഭ പറഞ്ഞതുകൊണ്ടു് അംഗീകാരം പരീക്ഷിച്ചു നോക്കിയെന്നേയുള്ളു.

മിസ്റ്റർ സി. ജെ. ചിറയത്തു്: നിയമസഭയിൽ പാസാക്കിയ ഒരു നിയമം മാറ്റുവാൻ നിയമസഭയോട് ചോദിക്കേണ്ടേ ?

മിസ്റ്റർ സി. ജെ. മാത്യു: നിയമം മാറ്റണമെങ്കിൽ ചോദിക്കണം. ഇതു് നിയമമല്ല, ഇതൊരു എക്സിക്യൂട്ടീവ് ഓർഡറാണ്.

Mr. M. K. Raja *(Mulakunnathukavu)*: Does the Government accept the proposition that when the Legislative Council has passed a resolution, the Government can go behind that by an Executive Order?

Mr. President: I am afraid it is impossible to answer a question put in such general terms.

മിസ്റ്റർ മഹമ്മദ് അബ്ദുറഹിമാൻ: ഈ ഉത്തരവു് പാസാക്കിയപ്പോൾ നിയമസഭ പാസാക്കിയ പ്രമേയം ഗവൺമെണ്ടിന്റെ ആലോചനയിൽ വന്നിട്ടുണ്ടൊ ?

മിസ്റ്റർ സി. ജെ. മാത്യു: പ്രമേയം പാസാക്കിയിട്ടുണ്ടെന്നറിയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു പാസായിട്ടു് എത്രകൊല്ലമായി.

മിസ്റ്റർ സി. ജെ. മാത്യു: ഫസ്റ്റ് ഡിസംബറിലാണ് പാസാക്കിയതു്.

മിസ്റ്റർ സി. ജെ. ചിറയത്തു്: അതു പാസാക്കുവാനുണ്ടായ പ്രത്യേക, കാരണങ്ങൾ ഗവർമ്മെൻറിനറിയാമൊ?

മിസ്റ്റർ സി. ജെ. മാത്യു: അറിയാം.

മിസ്റ്റർ പി. കെ. ഡീവർ: എന്നു മുതല്ലാണ് ഇവർക്കു വിവാഹം കഴിക്കാമെന്ന കല്പനയായതു്.

മിസ്റ്റർ സി. ജെ. മാത്യു: രണ്ടുകൊല്ലം മുമ്പു മുതല്ലാണ്.

മിസ്റ്റർ സി. ജെ. ചിറയത്തു്: ഇതു് അപ്രായോഗികമാണെന്ന കണ്ടതു എന്തുകൊണ്ടാണ് ?

മിസ്റ്റർ സി. ജെ. മാത്യു: അവരുടെ എഫിഷ്യൻസി കുറഞ്ഞു.

മിസ്റ്റർ പി. കെ. ഡീവർ: കല്യാണം കഴിച്ചാൽ എഫിഷ്യൻസി കുറയുമൊ?

മിസ്റ്റർ സി. ജെ. മാത്യു: കുറവായിട്ടാണ് കാണുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പ്രമേയം ഇവിടെ പാസാക്കുന്നതിനു മുമ്പു് അവർ inefficient ആകുമെന്നു പറഞ്ഞതു് ശരിയല്ലെന്നു ബോദ്ധ്യമായതിനുശേഷമല്ലെ അതിവിടെ പാസാക്കിയതു്?

മിസ്റ്റർ സി. ജെ. മാത്യു: അന്നു പറഞ്ഞതിനെ വകവെക്കാതെ ഇതൊന്നു പരീക്ഷിച്ചു നോക്കാമെന്നു വിചാരിച്ചു പരീക്ഷിച്ചതിൽ ചീഫ് മെഡിക്കൽ ഓഫീസർ പ്രമേയത്തെ എതിർത്തുകൊണ്ടു പറഞ്ഞകാര്യങ്ങൾ ശരിയാണെന്നു ഗവർമ്മെണ്ടിനു ബോദ്ധ്യംവന്നു. അദ്ദേഹം പറഞ്ഞ അഭിപ്രായം ശരിയാണെന്നു് ഒടുവിൽ ബോദ്ധ്യപ്പെട്ടപ്പോൾ അതു വേണ്ടെന്നുവെച്ചു.

മിസ്റ്റർ സി. ജെ. ചിറയത്തു്: മറ്റുവല്ലവരുടേയും അഭിപ്രായം ഈകാര്യത്തിൽ ഗവർമ്മെൻറ് എടുത്തിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ജെ. മാത്യു: രണ്ടു വലിയ ആശുപത്രിസൂപ്രണ്ടുമാരോട് ഗവർമ്മെൻറ അഭിപ്രായം ചോദിച്ചു. അവരെല്ലാവരും ഇവർക്ക് വിവാഹം പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്.

മിസ്റ്റർ പി. ജെ. ചിറയത്ത്: വേറെ വല്ല രാജ്യത്തും നെഴ്സുമാർക്ക് വിവാഹം അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: അടുത്ത രാജ്യങ്ങളിലില്ല.

മിസ്റ്റർ പി. ആർ. കുഞ്ഞനെഴുത്തശ്ശൻ: ഏതു വിദഗ്ധന്മാരോട് അഭിപ്രായം ചോദിച്ചിട്ടുണ്ട്?

മിസ്റ്റർ സി. ജെ. മാത്യു: രണ്ടു മൂന്നു പേരോട് ചോദിച്ചിട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഞാതൊക്കെയാണാ?

Mr. C. J. Mathew *(Joint Secretary to Government)*: Sir, may I read out the information obtained from the Chief Medical Officer from Medical Authorities that the policy of having married nurses.....

Mr. V. R. Krishnan Ezhuthassan *(Urakam)*: I want only the name of experts.

Mr. President: Order, order. I suggest that it is wiser not to ask for names.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: On whose opinion it is held or who are the experts who have opined that it is the better course. We want to know the names.

Mr. President: I do not change my view. If the Hon'ble Members insist they may have the names. But I would advise them against insistence.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: നഴ്സുമാർക്ക് മറ്റുള്ള സ്ത്രീകളെപ്പോലെ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ച് ജീവിതസുഖങ്ങൾ അനുഭവിക്കുവാനുള്ള മനുഷ്യത്വം ഇവിടുത്തെ ഗവർമ്മെൻറിനുണ്ടോ എന്നാണോ അഭിപ്രായം? (ചിരി).

മിസ്റ്റർ സി. ജെ. മാത്യു: അങ്ങിനെയുള്ള അഭിപ്രായമുള്ള സ്ത്രീകളെ ഈ ജോലിക്കു വരണമെന്നില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: അവർക്ക് ജോലിചെയ്യുന്നതിനു പ്രത്യേക വ്യവസ്ഥകളില്ലേ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ട്. അവർക്ക് നൈറ്റ് ഡ്യൂട്ടിയുണ്ട്.

മിസ്റ്റർ പി. ടി ജേക്കബ്: വിവാഹം കഴിച്ചിട്ടുള്ള സ്ത്രീഡാക്ടർമാർക്ക നൈറ്റ് ഡ്യൂട്ടിയുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്: സ്ത്രീ ഡാക്ടർമാരും പുരുഷന്മാരും തമ്മിൽ എന്താണ് വ്യത്യാസം?

മിസ്റ്റർ സി. ജെ. മാത്യു: ഡാക്ടർമാരുടെ വർക്കും പുരുഷന്മാരുടെ വർക്കും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

LABOUR UNIONS IN THE STATE

൭൫. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ട് സദയം മറുപടിപറയുമോ.—

(എ) കൊച്ചിരാജ്യത്തു ആകെ എത്ര തൊഴിൽ സംഘടനകളാണ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവകളുടെ ഏതെല്ലാം,

(ബി) അവകളുടെ ഓഫീസുകൾ എവിടെയാണ്,

(സി) ഈ മാസം തൊഴിലാളി സംഘടനകളുടെ രജിസ്റ്റർ ചെയ്യുവാൻ എന്താണ്?

മിസ്റ്റർ സി. ജെ. മാത്യു:

(എ), (ബി) & (സി) എല്ലാ വിവരങ്ങളും അടങ്ങിയ ഒരു പട്ടിക ഇതുമായി ചേർത്തിരിക്കുന്നു. *(Please see Appendix)*

X-RAY APPARATUS

73. Miss Anie Joseph *(Trichur-Women)*: Will Government be pleased to state.—
(*a*) why was the X-ray apparatus that was in the Civil Hospital removed from there;
(*b*) where was it removed and what happend to it?

LIBRARY ARCHIVES Kerala Legislative Assembly